പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7045 2/11/2011 ൽ മറുപടിയ്ക്ക്

## നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പട്ടികജാതി വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പട്ടികജാതി വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികളും പരിപാടികളും എന്തൊക്കെയാണ് ; | (എ) | പട്ടികജാതി വികസന വകുപ്പ് 100 ദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടേ ചേർക്കുന്നു.<br>**1. വിദ്യായാത്ര:-**<br>സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് സ്കൂളുകളിൽ 8-ാം ക്ലാസ്സിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യമായി സൈക്കിൾ വിതരണം ചെയ്യുന്ന പദ്ധതി.<br>**2. വിഷൻ 2013:-**<br>ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിൽ A+,A,B+ ഗ്രേഡുകൾ നേടി വിജയിച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.<br>**3. വിജ്ഞാൻവാടി:-**<br>സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലേയും തെരഞ്ഞെടുത്ത ഓരോ കോളനികളിൽ ഇന്റർനെറ്റ് സൗകര്യമുള്ള ലൈബ്രറി, റീഡിംഗ് റൂം തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള പദ്ധതി. |

| | | | |
|---|---|---|---|
| | | | **4. ഹോസ്റ്റൽ നവീകരണം:-**<br>വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 90 പ്രീമെട്രിക് ഹോസ്റ്റലുകളിൽ ലൈബ്രറിയും കമ്പ്യൂട്ടറും അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി. |
| (ബി) | പ്രസ്തുത പദ്ധതികളുടെ ഭൗതികവും സാമ്പത്തികവുമായ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ബി) | സർക്കാർ 100 ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തിയ 4 പദ്ധതികളുടേയും നിർവ്വഹണ പുരോഗതി - ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അവലോകനം ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള വിശദ വിവരം ചുവടേ ചേർക്കുന്നു.<br>**1. വിദ്യായാത്ര:-**<br>സ്കൂൾ അടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി കഴിഞ്ഞു. പദ്ധതി നിർവ്വഹണത്തിനായി പി.ടി.എ പ്രസിഡന്റ് , സ്കൂൾ മേധാവി, പട്ടികജാതി വികസന ആഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റി സ്കൂൾതലത്തിൽ രൂപീകരിക്കുന്ന നടപടി പൂർത്തിയായി വരുന്നു. ഓരോ ജില്ലയ്ക്കും ആവശ്യമായ തുകയും ഭരണാനുമതിയും നൽകി കഴിഞ്ഞു. പദ്ധതിയുടെ ഉദ്ഘാടനം വയനാട് ജില്ലയിലെ പനമരം ഗവ. ഹയർസെക്കന്ററി സ്കൂളിൽ കുട്ടികൾക്ക് സൈക്കിൾ വിതരണം ചെയ്തുകൊണ്ട് ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി 16/9/2011 ന് നിർവ്വഹിച്ചു. പ്രസ്തുത പദ്ധതിക്കായി ആകെ 15.21 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.<br>**2. വിജ്ഞാൻവാടി:-**<br>പദ്ധതി നടത്തിപ്പിനായി ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 70 നിയോജകമണ്ഡലങ്ങളിൽ ബന്ധപ്പെട്ട സാമാജികർ നിർദ്ദേശിച്ചിട്ടുള്ള 70 കോളനികളിൽ വിജ്ഞാൻവാടി സ്ഥാപിക്കുന്നതിനുള്ള |

ഭരണാനുമതിയും ഫണ്ടും അനുവദിച്ചുകഴിഞ്ഞു. പദ്ധതിയുടെ ഉദ്ഘാടനം 26/8/201 ന് കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പരപ്പാറ കോളനിയിൽ വെച്ച് വകുപ്പ് മന്ത്രി നിർവ്വഹിച്ചു.

**3. വിഷൻ 2013:-**

പദ്ധതി നിർവ്വഹണത്തിനായി കുട്ടികളെ തെരഞ്ഞെടുക്കുന്ന നടപടി പൂർത്തിയായി വരുന്നു. ആവശ്യമായ ഭരണാനുമതിയും ഫണ്ടും ജില്ലാ ആഫീസർമാർക്ക് നൽകിക്കഴിഞ്ഞു. പദ്ധതിയുടെ ഉദ്ഘാടനം 29/8/2011 ന് എറണാകുളം ടൗൺ ഹാളിൽ വെച്ച് വകുപ്പ് മന്ത്രി നടത്തുകയുണ്ടായി. പദ്ധതി ഉടൻതന്നെ പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

**4. ഹോസ്റ്റൽ നവീകരണം:-**

പദ്ധതി നിർവ്വഹണത്തിനാവശ്യമായ ഭരണാനുമതിയും ഫണ്ടും ജില്ലാ ആഫീസർക്ക് നൽകി കഴിഞ്ഞു. കോട്ടയം ജില്ലയിലെ കുറിച്ചി പ്രീമെട്രിക് ഹോസ്റ്റലിൽവെച്ച് പദ്ധതിയുടെ ഉദ്ഘാടനം 3/9/2011 ന് വകുപ്പ് മന്ത്രി നിർവ്വഹിച്ചു. ഡിസംബർ 31 നകം പദ്ധതി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ